LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂർ മണ്ഡലത്തിലെ സൗജന്യ വൈദ്യുതി കണക്ഷനുകൾ

204(5363) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഗുണഭോക്താക്കൾ ആരൊക്കെയെന്നും എത്ര യൂണിറ്റ് വൈദ്യുതി വീതമാണ് നൽകുന്നതെന്നും വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ 275 കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നുണ്ട്. പ്രസ്തുത ഉപഭോക്താക്കളുടെ വിവരങ്ങളും വൈദ്യുതി ഉപഭോഗവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക

205(5364) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൈദ്യുതി ബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള ഉപഭോക്താക്കളിൽനിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കാനായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൈദ്യുതി ബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള ഉപഭോക്താക്കളിൽനിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഇരിക്കൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

206(5365) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 1545 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്നറിയിക്കുമോ;

(സി) ആയതിന്റെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ഡി) ഇനിയും കണക്ഷൻ ലഭിക്കാത്തവർക്ക് കണക്ഷൻ നൽകാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ട എല്ലാ അപേക്ഷകർക്കും KSEBL വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിരുന്നു. വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുകയും ആവശ്യമായ തുക അടയ്ക്കുകയും ചെയ്യുന്ന എല്ലാ അപേക്ഷകർക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.എൽ നൽകിവരുന്നു. അതോടൊപ്പം 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ ഫണ്ടുപയോഗിച്ച് നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി-യിൽ ലഭ്യമല്ല. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാനും KSEBL നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ വകുപ്പ് / പട്ടിക വർഗ്ഗ വകുപ്പ് / ഉപഭോക്താവ് അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്.

വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

207(5366) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ഗ്രാമ പഞ്ചായത്തുകളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കതിക പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly